CHRISTIAN MUSICOLOGICAL SOCIETY OF INDIA

# Mar Mani Kathanar

# മാർ മാണി കത്തനാർ



Cover Image Re-Designed

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## വിഷയസംഗ്രഹം

മുഖവുര - ഷെവ.വി.സി. ജോർജ്, കുറവിലങ്ങാട് 05

## ആമുഖപഠനങ്ങൾ

1. പുനരൈക്യ പീഡനങ്ങൾ - ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് 09
2. തനത് രൂപഭാവ പുനരുദ്ധാരണം - ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിൽ 24
3. തനിമ നേടിയെടുത്ത മുന്നോടി - ആർച്ചുബിഷപ്പ് എബ്രഹാം കാട്ടുമന 33
4. മതേതര മുന്നണിദർശനം - ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി 38
5. പ്രതിഭാസമ്പന്നനായ സഭാസ്നേഹി - ബിഷപ്പ് ജോസഫ് പള്ളിക്കാപ്പറമ്പിൽ 49
6. സഭാസമുദായ സംരക്ഷണദൗത്യം - ബിഷപ്പ് ജോസഫ് കുണ്ടുകുളം 54
7. ഷെവ.വി.സി. ജോർജ്- ഫാ. വറുഗീസ് കിളിച്ചിമല 68

## അദ്ധ്യായങ്ങൾ

01. നിധിയിരികുടുംബസ്ഥാപകൻ 077
02. നിധിയിരിക്കൽ കുടുംബം 079
03. നിധിയിരിക്കൽ ഇട്ടിയവിരാ 082
04. നിധിയിരി സഹോദരന്മാർ 087
05. ചരിത്രപുരുഷന്റെ ജനനവും ബാല്യകാലവും 093
06. കേരളത്തിലെ കൽദായബന്ധം 098
07. കേരളസഭയും റോമായിലെ പരമാദ്ധ്യക്ഷനും 102
08. സജ്ജീകരണപൂർത്തി 109
09. കേരളസുറിയാനിക്കാരും പദ്രുവാദോബന്ധവും 114
10. കൽദായരക്തം കൽദായറീത്ത് 122
11. ഉദയമ്പേരൂർ സൂനഹദോസ് 127
12. പോർച്ചുഗീസ് മിഷനറിമാരുടെ മനോഭാവം 142
13. റൊക്കോസ്യൻ മത്സരം 153
14. ഗോവർണ്ണദോരുടെ സെക്രട്ടറി 167
15. പോർച്ചുഗീസ് സംരക്ഷണാധീകാരത്തിന്റെ തിരോധാനം 180
16. കർമ്മലീത്തഭരണം 192
17. മാനശിങ്കുകേസ് 210
18. വരാപ്പുഴ അധികാരത്തിൽപ്പെട്ട ശെമ്മാശ് 220
19. മീലോസ് ശീശ്മയുടെ ആവിർഭാവം 230
20. കുർബാനപ്പട്ടവും പുത്തൻകുർബാനയും 242
21. വിസിറ്റർ അപ്പസ്തോലിക്ക ആഗമനവും പ്രവർത്തനവും 249
22. ആ കൊടുങ്കാറ്റിനെതിരായ രക്ഷാപരിശ്രമങ്ങൾ 261
23. ചിറ്റാട്ടൂർ പള്ളിക്കേസ് 272

CHRISTIAN MUSICOLOGICAL SOCIETY OF INDIA



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA


24. മാർ യാക്കോബിന്റെ മാനസാന്തരം 283
25. നൂതനഭരണപദ്ധതി 292
26. നസ്രാണി ജാതൈക്യപ്രസ്ഥാനം 303
27. ശ്ലൈഹികപ്രാതിനിധ്യസ്ഥാപനം 312
28. മനോരമക്കാര്യം 322
29. മാർ ദിവന്നാസ്യോസുമായി മൈത്രി 334
30. സുറിയാനിക്കാർക്കു വികാരി അപ്പസ്തോലിക്കമാർ 343
31. ഡോക്ടർ ലവീഞ്ഞിന്റെ ആഗമനവും സ്വീകരണവും 356
32. കോട്ടയത്തെ നഷ്ടീഭവിച്ച കത്തോലിക്ക കോളേജ് 364
33. പ്രയോഗത്തിൽ വരാതിരുന്ന വേറൊരു നിശ്ചയം 375
34. അത്യുച്ചത്തിൽ തെറ്റിദ്ധാരണ 391
35. വികാരി ജനറാൾ 405
36. ‘‘വുഡ്‌ലാണ്ട്’’ സംബന്ധിച്ച വ്യവഹാരങ്ങൾ 418
37. അഡ്മിനിസ്ട്രെയിറ്റർ 431
38. യാക്കോബായ പുനരൈക്യം സംബന്ധിച്ച പുതിയ പദ്ധതി 442
39. പുനരൈക്യശ്രമത്തിനു വേറെ രംഗം 454
40. തിരുമുൽക്കാഴ്ച 470
41. ഒരു പ്രത്യവലോകനം 482
42. സാഹിത്യപരിശ്രമങ്ങൾ 497
43. ഖണ്ഡകാവ്യങ്ങളും ഭക്തിഗാനങ്ങളും 518
44. പൗരജീവിതം 535
45. മൂലധനസ്ഥാപനനോദ്യമം 544
46. സ്ഥാനത്യാഗം 555
47. വീണ്ടും ശീശ്മവിനാശനം 566
48. സ്റ്റീഫൊ-റാസ്സാം സംരംഭങ്ങൾ 579
49. വീണ്ടും മേഘപടലങ്ങൾ 596
50. പുതിയ ഭരണവ്യവസ്ഥകൾ 613
51. മോൺ.സലെസ്ക്കിയും ഹർജിപ്രസ്ഥാനവും 627
52. മാക്കീൽമെത്രാന്റെ ഭരണം 644
53. പുതിയ ഭീതിയും ആശങ്കകളും 663
54. ചരിത്രപുരുഷന്റെ വിവിധ പരിശ്രമങ്ങൾ 681
55. ചരിത്രപരമായ ഗവേഷണങ്ങളും പ്രസിദ്ധീകരണങ്ങളും 697
56. പരിശുദ്ധ പിതാവിൻ മംഗളപത്രവും കാഴ്ചയും 715
57. ‘‘കിഴവന്റെ’’ യാത്ര 731
58. അണയാറായ ദീപം 748
59. തിരോധാനം 763
60. മരണാനന്തരസ്മരണകൾ 776

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



www.TheCMSIndia.org

## അനുബന്ധങ്ങൾ


| | | | |
|---|---|---|---|
| ഫാ. നിധീരി | - | വി.കെ. ജോസഫ് മാപ്പിള | 795 |
| പവിത്രചരിതൻ | - | ഡോ.പി.ജെ. തോമസ് | 801 |
| എന്നും ആരാധ്യൻ | - | ഷെവ.ഐ.സി. ചാക്കൊ | 804 |
| ഒരു കെടാവിളക്ക് | - | ദീപിക | 807 |
| തിരുസഭാസംരക്ഷകൻ | - | മോൺ. നടുവത്തുശേരി | 809 |
| നവോത്ഥാന നേതാവ് | - | ജോൺ പെല്ലിശേരി | 812 |
| വിജീഗീഷുവായ നായകൻ | - | എം.ഒ.ജോസഫ് | 816 |
| നിധിയിരിസ്മാരകം | - | കട്ടക്കയം കൊച്ചുചാണ്ടിയച്ചൻ | 819 |
| അനുസ്മരണകൾ | - | (വിവിധ നേതാക്കൾ) | 820 |
| സിറിയക്ക് നിധീരി | - | സി. അന്തപ്പായി | 827 |
| അബ്രഹാം ശമ്മാശ് | - | ദീപിക | 829 |
| ജോൺ നിധീരി | - | പ്രൊഫ.പി.സി. ദേവസ്യാ | 831 |
| Thr Late Mr. John Nidhiri | - | P.K. Narayana Pillai | 838 |


CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## വിഷയസംഗ്രഹം

മുഖവുര – ഷെവ.വി.സി. ജോർജ്, കുറവിലങ്ങാട് 05

## ആമുഖപഠനങ്ങൾ

1. പുനരൈക്യ പീഡനങ്ങൾ – ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് 09
2. തനത് രൂപഭാവ പുനരുദ്ധാരണം – ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിൽ 24
3. തനിമ നേടിയെടുത്ത മുന്നോടി – ആർച്ചുബിഷപ്പ് എബ്രഹാം കാട്ടുമന 33
4. മതേതര മുന്നണിദർശനം – ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി 38
5. പ്രതിഭാസമ്പന്നനായ സഭാസ്നേഹി – ബിഷപ്പ് ജോസഫ് പള്ളിക്കാപ്പറമ്പിൽ 49
6. സഭാസമുദായ സംരക്ഷണദൗത്യം – ബിഷപ്പ് ജോസഫ് കുണ്ടുകുളം 54
7. ഷെവ.വി.സി. ജോർജ്- ഫാ. വറുഗീസ് കിളിച്ചിമല 68

## അദ്ധ്യായങ്ങൾ

01. നിധിയിരികുടുംബസ്ഥാപകൻ 077
02. നിധിയിരിക്കൽ കുടുംബം 079
03. നിധിയിരിക്കൽ ഇട്ടിയവിരാ 082
04. നിധിയിരി സഹോദരന്മാർ 087
05. ചരിത്രപുരുഷന്റെ ജനനവും ബാല്യകാലവും 093
06. കേരളത്തിലെ കൽദായബന്ധം 098
07. കേരളസഭയും റോമായിലെ പരമാദ്ധ്യക്ഷനും 102
08. സജ്ജീകരണപൂർത്തി 109
09. കേരളസുറിയാനിക്കാരും പദ്രുവാദോബന്ധവും 114
10. കൽദായരക്തം കൽദായറീത്ത് 122
11. ഉദയമ്പേരൂർ സൂനഹദോസ് 127
12. പോർച്ചുഗീസ് മിഷനറിമാരുടെ മനോഭാവം 142
13. റൊക്കോസ്യൻ മത്സരം 153
14. ഗോവർണ്ണദോരുടെ സെക്രട്ടറി 167
15. പോർച്ചുഗീസ് സംരക്ഷണാധീകാരത്തിന്റെ തിരോധാനം 180
16. കർമ്മലീത്തഭരണം 192
17. മാനശിങ്കുകേസ് 210
18. വരാപ്പുഴ അധികാരത്തിൽപ്പെട്ട ശെമ്മാശ് 220
19. മീലോസ് ശീശ്മയുടെ ആവിർഭാവം 230
20. കുർബാനപ്പട്ടവും പുത്തൻകുർബാനയും 242
21. വിസിറ്റർ അപ്പസ്തോലിക്ക ആഗമനവും പ്രവർത്തനവും 249
22. ആ കൊടുങ്കാറ്റിനെതിരായ രക്ഷാപരിശ്രമങ്ങൾ 261
23. ചിറ്റാട്ടൂർ പള്ളിക്കേസ് 272

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



www.TheCMSIndia.org

## മുഖവുര

ശ്രീ പണ്ഡിത് ജവഹർലാൽ നെഹ്രുവിന്റെ ചരിത്രം ഭാരതത്തിന്റെ ചരിത്രം തന്നെയാണ് എന്നു ഈയിടെ പല പ്രാമാണികപുരുഷന്മാരും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടുതൽ സാംഗത്യത്തോടുകൂടി ദിവ്യശ്രീ നിധിയിരി മാണിക്കത്തനാരുടെ ചരിത്രം കേരളത്തിലെ നസ്രാണിസമുദായത്തിന്റെ ചരിത്രമാണെന്നു പ്രസ്താവിക്കാം. മാണിക്കത്തനാരുടെ ജീവിതം നസ്രാണി സമുദായത്തിന്റെ ആധുനികകാലത്തെ വൃദ്ധി ക്ഷയ ഘട്ടങ്ങളുമായി അത്രമാത്രം ബന്ധിതമായിരുന്നു. മാണിക്കത്തനാരുടെ അഭിവൃദ്ധി സമുദായത്തിന്റെ അഭിവൃദ്ധിയും മാണിക്കത്തനാരുടെ ക്ഷയം സമുദായത്തിന്റെ ക്ഷയവും ആയി പരിണമിച്ചു എന്നുതന്നെ അതിശയോക്തികൂടാതെ അഭിപ്രായപ്പെടാം.

മാണിക്കത്തനാരുടെ ആശയങ്ങളും പ്രവർത്തനങ്ങളും ക്രൈസ്തവസമുദായ പരിധിയിൽമാത്രം നിലനിന്നവയല്ല. കേരളക്കരയിൽ മാത്രം ഒതുങ്ങിയിരുന്നവയുമല്ല. അവ അന്യസമുദായങ്ങളെയും ഇതരദേശങ്ങളെയും ശക്തിയുക്തം സ്പർശിച്ചു. അദ്ദേഹത്തിന്റെ ജന്മസിദ്ധമായ വാസനയും നിരന്തരമായ അഭ്യാസവും ഈ അവസ്ഥയ്ക്ക് പ്രധാനഹേതുക്കളായി. ബാക്കി ഈശ്വരേച്ഛയാലും സംഭവിച്ചു. ജനകീയനേതാവ്, മതഭക്തൻ, സമുദായാഭിമാനി, സ്വാതന്ത്ര്യവാദി, ഭാഷാപ്രണയി, ചരിത്രപ്രിയൻ, സംസ്ക്കാരപ്രേമി, പ്രഭാഷണചതുരൻ, ഭിഷഗ്വരൻ, സാഹിത്യരസികൻ, രാഷ്ട്രീയചിന്തകൻ, നീതിനിഷ്ഠാനിരതൻ, ആർത്തപരിത്രാണലോലുപൻ, പരോപകാരതല്പരൻ എന്നീ വിവിധ നിലകളിൽ ഏതിലാണു മാണിക്കത്തനാർ കൂടുതലായി ലാലസിച്ചതെന്ന് ഈ ഗ്രന്ഥപക്ഷങ്ങളുമായി പരിചയപ്പെടുന്ന വായനക്കാർതന്നെ തീരുമാനിച്ചുകൊള്ളേണ്ടതാണ്.

മാണിക്കത്തനാർ ആജീവനാന്തം ആര്യചരിതനായിരുന്നു. ശ്രേഷ്ഠത്വം സൂചിപ്പിക്കുന്ന ഭാവവും സംസാരവും പ്രവൃത്തിയുമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. ഇതിനാധാരമായി അദ്ദേഹത്തിന്റെ ആര്യവംശബന്ധം സമകാലികന്മാർ കീർത്തിച്ചിരുന്നു. നിധീയിരികുടുംബസ്ഥാപകൻ-നിരണത്തുനിന്നുവന്ന ഇട്ടി-നിരണത്തെ ഒരു ബ്രാഹ്മണകുടുംബത്തിൽ ജനിച്ചു ക്രിസ്തുമതാനുയായി ആയതാണെന്നാണ് ഐതിഹ്യം. ഇതിനെ താങ്ങുന്നതിനു നിരണത്തു ചില പുരാതനരേഖകളും ഉണ്ടത്രെ. വടക്കൻ നമ്പൂതിരിക്ക് പണം കൊടുക്കേണ്ടിയിരുന്ന നിരണം നമ്പൂതിരിയുടെ അടുത്ത ചാർച്ചക്കാരായിരുന്നു ഇട്ടിയും മാതാവും എന്നും അതുകൊണ്ടാണ് ഇട്ടിയുടെ സഹവാസം നമ്പൂതിരി ഗൃഹത്തിൽ ഉണ്ടായതെന്നും വിശ്വസിക്കപ്പെടുന്നു. ചാർച്ചക്കാരെങ്കിലും വിമതസ്ഥരായതുകൊണ്ടായിരിക്കണം അവരെ വടക്കൻ നമ്പൂതിരിയുടെകൂടെ അയയ്ക്കുവാൻ നിരണം നമ്പൂതിരി സന്നദ്ധനായത്. ഇട്ടിവാസുവെന്നോ ഇട്ടീരയെന്നോ ബാലന് ജ്ഞാനസ്നാനത്തിനു മുമ്പുപേരുണ്ടായിരുന്നുവെന്നും ആ പേരിനോടു പൊരുത്തമുള്ള ഇട്ടി അവിരാ ലോപിച്ചു ഇട്ടി എന്നപേരിൽ ജ്ഞാനസ്നാനാനന്തരം അറിയപ്പെട്ടത് മതം മാറ്റത്തെ അനാവശ്യമായി പ്രഘോഷിക്കേണ്ടതില്ലയെന്നുള്ള ആലോചനയുടെ ഫലമായിട്ടായിരുന്നുവെന്നും അഭിപ്രായമുണ്ട്.

ഈ ജീവചരിത്രത്തിന്നാധാരമായി ലഭിച്ച രേഖകളെയും കുറിപ്പുകളെയും സംഗ്രഹിച്ചും സംയോജിപ്പിച്ചും ഏതാണ്ട് അവിയൽ സമ്പ്രദായത്തിൽ സഹൃദയസമക്ഷം അവതരിപ്പിക്കമാത്രമാണ് ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളത്. അതും കാലമുറയും കാര്യബന്ധവും അനുസരിച്ചല്ലതാനും. എന്നിട്ടും ഈ ഗ്രന്ഥം അസാധാരണമായ കാലതാമസത്തിനു ശേഷമാണല്ലൊ പ്രസിദ്ധീകൃതമാകുന്നുതെന്നുള്ള ചിന്ത സഹതാപകരമാണ്. ചരിത്രപുരുഷന്റെ ചരമാനന്തരം നാല്പത്തിയഞ്ചു സംവത്സരം കഴിഞ്ഞുപോയല്ലൊ എന്നോർമ്മിക്കുമ്പോൾ പരിതാപം സംവർദ്ധിക്കുന്നതേയുള്ളൂ. 1904-ൽ തന്നെ ജീവചരിത്രരചനയ്ക്കുള്ള ആലോചനകൾ

നടന്നു. അവയ്ക്കുപോൽബലകമായി പൊതുയോഗനിശ്ചയങ്ങളുമുണ്ടായി. പീടിയേക്കൽ ബ. യൗസേപ്പച്ചൻ, ക.നി.മൂ.സ.പെ.ബ.കൊച്ചുചാണ്ടിയച്ചൻ മി.വി.കെ. ജോസഫ് മാപ്പിള മുതലായവർ ഗ്രന്ഥനിർമ്മാണത്തിനായി ചില സജ്ജീകരണങ്ങൾ ചെയ്തതായും അറിവുണ്ട്. എങ്കിലും ആവക പരിശ്രമങ്ങൾ ഉദ്ദേശ്യസിദ്ധിയിൽ എത്തിയില്ല. ബ. യൗസേപ്പച്ചനും മിസ്റ്റർ മാപ്പിളയും മറ്റു ചിലരും പത്രപംക്തികളിൽ ജീവചരിത്രക്കുറിപ്പുകളും സ്മരണകളും പ്രസിദ്ധം ചെയ്തതു ഇവിടെ പ്രസ്താവയോഗ്യമാണ്.

അങ്ങനെയിരിക്കവേ കത്തോലിക്കസമുദായത്തിൽപ്പെട്ടവരും അല്ലാത്തവരുമായ ചില മാന്യന്മാർ പ്രസ്തുത കൃത്യം ഈ എഴുത്തുകാരൻ നിർവ്വഹിക്കണമെന്നുപദേശിച്ചു. ബ. യൗസേപ്പച്ചനും മി. ജോസഫ് മാപ്പിളയും പാടുള്ള സഹായങ്ങളെല്ലാം വാഗ്ദാനം ചെയ്തു. മാത്രമല്ല അവരുടെ പക്കൽ ഉണ്ടായിരുന്ന ചില രേഖകൾ എന്നെ ഏൽപ്പിക്കുകയും ചെയ്തു. എങ്കിലും ചരിത്രപുരുഷന്റെ സഹോദരപുത്രൻ, പലവിധത്തിലും എനിക്കു ഉപകർത്താവായിരുന്ന മി. ജോൺ നിധിയിരി ബി.എ.ബി.എൽ, ഈ വിഷയത്തിൽ ഹൃദയപൂർവ്വം എന്നെ പ്രോത്സാഷിപ്പിച്ചതിനെ തുടർന്നാണ് ഉടുവംകൊണ്ടുള്ള സമുദ്രതരണം എന്ന മട്ടിൽ ഈ ജീവചരിത്രം എഴുതുവാൻ ഉത്സാഹിക്കണമെന്നു ഞാൻ സുദൃഢം തീരുമാനിച്ചത്. പക്ഷേ, ആ പുസ്തകത്തിന്റെ പ്രഥമാദ്ധ്യായംപോലും എഴുതുവാൻ എനിക്കു സാധിച്ചുള്ളൂ. പല സ്ഥലങ്ങളിലും യാത്രചെയ്ത് രേഖകൾ സമാഹരിച്ചും പത്രമാസികാപ്പീസുകൾ സന്ദർശിച്ചു പഴയ ലക്കങ്ങളിൽനിന്നു ഉദ്ധറുതികൾ സമ്പാദിച്ചും, നോട്ടുകൾ തയ്യാറാക്കിയും, വിലയേറിയ നിർദ്ദേശങ്ങൾ നൽകിയും നിധിയിരികുടുംബത്തിലെ പല വീടുകളിലുണ്ടായിരുന്ന റിക്കാർഡുകൾ ശേഖരിച്ചും ഈ കൃത്യനിർവ്വഹണത്തിൽ മി. ജോസഫ് നിധിയിരി ബി.എ.യും, മി.എ.ജോൺ നിധിയിരി ബി.എ., എൽ.റ്റി.യും എന്നെ ഉള്ളഴിഞ്ഞു സഹായിച്ചിട്ടുണ്ട്. ഇവരുടെ സഹകരണവും പ്രോത്സാഹനവും ഇല്ലായിരുന്നുവെങ്കിൽ ഈ പുസ്തകം ഇപ്പോഴും സൂര്യപ്രകാശം കാണുമായിരുന്നില്ലായെന്നു വിശ്വസിക്കണം. അടുത്തകാലത്തു പരേതനായ മി.ജെ.സി.നിധിയിരി, തിരുവനന്തപുരം വിമൻസ് കോളേജ് പ്രിൻസിപ്പൽ മിസ് അന്ന നിധിയിരി ബി.എ. (ഓണേഴ്സ്), മി.ജെ. ജോൺ നിധിയിരി, മി. എബ്രാഹം നിധിയിരി എന്നിവരും മുകളിൽ പേരുപറഞ്ഞ ഇവരോടുകൂടി ഈ പുസ്തകപ്രസിദ്ധീകരണാർത്ഥം ഉദാരമായ ധനസഹായം ചെയ്തിട്ടുണ്ട്. ഈദൃശമായ സഹായത്തിന്റെ അഭാവത്തിൽ തേവര ലിറ്റിൽ ഫ്ളവർ പ്രസധികാരികളോടുള്ള എന്റെ ഋണബാദ്ധ്യത ഇപ്പോഴത്തേതിലുമധികമാകുമായിരുന്നു.

ഈ പുസ്തകം ആലുവായിലെ മാർ തോമ്മാശ്ലീഹാ പ്രസ്സിൽനിന്ന് അച്ചടിക്കണമെന്നാണ് ആദ്യം നിശ്ചയിച്ചിരുന്നത്. തൽസംബന്ധം പാടുള്ള സകല ആനുകൂല്യങ്ങളും ചെയ്തുതരാമെന്നു എന്റെ വന്ദ്യസുഹൃത്ത് വടക്കയിൽ ബ. മത്തായി അച്ചൻ വാഗ്ദാനം ചെയ്യുകയും ഉണ്ടായി. പിന്നീടാണ് തേവര ലിറ്റിൽ ഫ്ളവർ പ്രസിൽ അച്ചടി നടത്താമെന്നു നിശ്ചയിച്ചത്. കേരളത്തിലെ കത്തോലിക്ക സാഹിത്യകാരന്മാരിൽ വർദ്ധമാന തേജസ്വിയായ "കുടുംബദീപം" പത്രാധിപർ ഫാദർ ലേത്തുസ് സി.ഡി. അവർകളെ യദൃച്ഛയാ കുറവിലങ്ങാട്ടുവെച്ചു കണ്ടതാണ് ഈ നിശ്ചയത്തിനു പ്രധാന ഹേതു. അദ്ദേഹംവഴി ലിറ്റിൽ ഫ്ളവർ പ്രസ് മാനേജർ ഫാദർ കാൻഡിഡ് സി.ഡി. അവർകളുമായി പരിചയപ്പെടുകയും ഉത്ഥാനമാനസനായ ആ ദേഹം ചിരപ്രതീക്ഷിതമായ അച്ചടി നടത്തിച്ചു തരാമെന്നു ദയാപൂർവ്വം ഭരമേൽക്കുകയും ചെയ്തു. അതിൽപ്പിന്നെ "മാറ്റർ" അയച്ചുകൊടുക്കുന്നതിനും "പ്രൂഫ്ഷീറ്റുകൾ" മടക്കി അയക്കുന്നതിനും പുസ്തകം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിനും എന്നെ ഉത്സാഹിപ്പിക്കുന്ന എത്ര കത്തുകൾ അദ്ദേഹം എനിക്കയച്ചുവെന്നു കണക്കില്ല. ആലസ്യമോ കൃത്യാന്തരവ്യഗ്രതയോ ഉളവാക്കിയ അമാന്തത്തിൽ നിന്നു അദ്ദേഹം ലേഖനവശാൽ എന്നെ തട്ടിയുണർത്തിയത് ഒന്നോ രണ്ടോ പ്രാവശ്യമല്ല. അദ്ദേഹത്തിന്റെ പേരിലുള്ള എന്റെ നന്ദി നിസ്സീമമാണ്. മനംകൊണ്ടും, ധനംകൊണ്ടും ശ്രമംകൊണ്ടും ഈ ഗ്രന്ഥനിർമ്മാണത്തിലും

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തൽപ്രസിദ്ധീകരണത്തിലും എന്നെ പ്രോത്സാഹിപ്പിക്കുകയും എന്നെ സഹായിക്കുകയും ചെയ്തിട്ടുള്ള സകല സുഹൃത്തുക്കളോടും എനിക്കുള്ള ഹൃദയപൂർവ്വവും നിഷ്കളങ്കവുമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഞാൻ മുകളിൽ പേരുപറഞ്ഞിട്ടില്ലാത്ത പലരും ഈ ഗ്രന്ഥം പ്രസിദ്ധീകരണയോഗ്യമാക്കുന്നതിൽ എന്നോടു സഹകരിച്ചിട്ടുണ്ട്. ഗ്രന്ഥത്തിലെ പദ്യഭാഗം സ്ഖലിത രഹിതമോയെന്നു നോക്കാൻ എന്നെ സഹായിച്ച പിറവത്തെ എന്റെ അദ്ധ്യാപകസഹപ്രവർത്തകൻ വിദ്വാൻ പരമേശ്വരപ്പണിക്കരോടും, കുറവിലങ്ങാട്ടെ എന്റെ പഴയമിത്രവും സഹാദ്ധ്യാപകനുമായ ആയാങ്കുടിമലയിൽ ഗോവിന്ദപ്പിള്ള അവർകളോടും എനിയ്ക്കുള്ള നന്ദിയും ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ ജീവചരിത്രം പുസ്തകരൂപത്തിൽ കണ്ടതിനുശേഷമേ തങ്ങൾ മരിക്കാവൂ എന്ന് പ്രാർത്ഥിച്ചിരുന്ന പലരും ഇന്ന് യശ്ശശരീരർ മാത്രമാണ്. അവരിൽ പീടിയേക്കൽ ബ. യൗസേപ്പച്ചൻ, തെള്ളിയിൽ ബ. യാക്കോബ് അച്ചൻ, തുരുത്തിപ്പള്ളിൽ ബ.ഉതുപ്പ് ശെമ്മാച്ചൻ, കാവുംപറമ്പിൽ മി. മാത്തൻ ഇവരുടെ നാമങ്ങൾ സ്മൃതിപഥത്തിലെ മുന്നണിയിൽ നിൽക്കുന്നു. അവരെല്ലാവരോടും അവരെപ്പോലെതന്നെ ഇച്ഛാഭംഗം അനുഭവിച്ച ഇതരന്മാരോടും ഇന്നത്തെ സാഹചര്യങ്ങളിൽ ശക്യമായവിധം മാപ്പപേക്ഷിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

എന്നെ സംബന്ധിച്ചിടത്തോളം ഈ ഗ്രന്ഥനിർമ്മാണം കൃതജ്ഞതയുടെ ഒരു പ്രകടനം മാത്രമാണ്. മാണിക്കത്തനാർ കുറവിലങ്ങാട്ടുപള്ളിയിൽ വികാരിയായിരുന്ന കാലത്തു അവിടെ പള്ളിവകയായി ഒരു ഇംഗ്ലീഷ്സ്കൂൾ സ്ഥാപിക്കാതിരുന്നുവെങ്കിൽ തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തെ തൊണ്ണൂറു ലക്ഷത്തിൽപരം ജനങ്ങളുടെയിടയിൽ എനിക്കുലഭിക്കുമായിരുന്ന സ്ഥാനം ഞാൻ ഊഹദർപ്പണത്തിൽ കണ്ടു പലപ്പോഴും പരിഭ്രമിച്ചിട്ടുണ്ട്. കുറവിലങ്ങാട്ടെ നാലില്ലങ്ങളിൽ ഒന്നായ കാളികാവ്, അഥവാ കാളിയാങ്കൽ കുടുംബത്തിൽ ജനിച്ചുവെന്ന പ്രശസ്തിയും പേറി, കുടുംബപാരമ്പര്യമനുസരിച്ചു പള്ളിയോഗത്തിൽ പ്രാമാണ്യവും പല പ്രാവശ്യം കൈസ്ഥാനവും പെരുന്നാളുകളിൽ തിരുസ്വരൂപങ്ങൾ വഹിക്കുകയും വഹിപ്പിക്കുകയും ചെയ്യുന്ന ചുമതലയും, നേർച്ചപ്പണം എണ്ണുന്നതിലും നേർച്ചദ്രവ്യങ്ങൾ വിളമ്പുന്നതിലും വിളമ്പിക്കുന്നതിലുമുള്ള ഭാഗഭാഗിത്വവും നിക്ഷേപയറയിലേയ്ക്കുള്ള പ്രവേശനസ്വാതന്ത്ര്യവും എന്റെ പ്രാപ്യങ്ങളിൽ പരമങ്ങളാകുമായിരുന്നു. മാണിക്കത്തനാരുടെ വിദ്യാദാനപ്രസ്ഥാനം ദൈവപരിപാലനയ്ക്കധീനമായി മറ്റു പലരുടെയും കാര്യത്തിൽ എന്നപോലെ എന്റെ വീക്ഷണകോണം വികസിപ്പിച്ച്, എന്റെ പ്രവൃത്തിരംഗത്തിന് വിസ്തൃതികൂട്ടി, എന്റെ ജീവിതവൃത്തി എനിയ്ക്കും അന്യന്മാർക്കും കൂടുതൽ ഉപകാരപ്രദമാകാൻ സംഗതിയാക്കുകയും ചെയ്തു.

മാണിക്കത്തനാരുടെ ജീവചരിത്രരചനക്കാവശ്യമായ രേഖകൾ കിട്ടുകയില്ലെന്നു ഒരു കാലത്തു ഞങ്ങളിൽ പലർക്കും ഭീതിതോന്നിയിരുന്നു. എന്നാൽ ഗവേഷണം തുടങ്ങി കുറേകഴിഞ്ഞപ്പോൾ പല വഴിക്കും ധാരാളം രേഖകൾ കരഗതമായി. അവയിൽ ഏതെല്ലാം പുസ്തകത്തിൽ ചേർക്കണം. ഏതെല്ലാം ഉപേക്ഷിക്കണം എന്നുള്ള പ്രശ്നമാണ് പിന്നീട് അഭിമുഖീകരിക്കേണ്ടിവന്നത്. ചരിത്രഗതിക്കു ചൈതന്യം നൽകുന്ന പല മൂലരേഖകളും പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. തന്നിമിത്തം പുസ്തകത്തിന്റെ വലിപ്പം പലരും ഉദ്ദേശിച്ചതിൽ കൂടുതലായിട്ടുണ്ടെന്ന് സംശയമുണ്ട്. കേരളനസ്രാണി സമുദായത്തിന്റെ ജീവനാഡിയെ സ്പർശിക്കുന്ന വിപ്ലവങ്ങളുടെയും പരിവർത്തനങ്ങളുടെയും ഘട്ടങ്ങളെ സാമാന്യം ദീർഘമായി പ്രതിപാദിച്ചിരിക്കുകയാൽ ഗ്രന്ഥസ്ഥൂലത്വം ക്ഷന്തവ്യമാണെന്നുള്ള അഭിപ്രായവുമുണ്ട്. കൂടുതൽ കർമ്മക്ഷമങ്ങളായ കരങ്ങൾക്ക് വിഷയക്രമീകരണത്തിലും ആനുപൂർവ്വ്യചിന്തയിലും കൂടുതൽ ശ്രദ്ധ പതിച്ച ഗ്രന്ഥത്തിന്റെ സാരള്യത്തിനു മാറ്റുകൂട്ടുവാൻ സാധിക്കുമായിരുന്നു എന്നുള്ളതിൽ ഏതായാലും അഭിപ്രായ


www.TheCMSIndia.org

വ്യത്യാസമില്ല. ഈ ബോദ്ധ്യം ക്ഷമാപണപൂർവ്വം അനുവാചകരുടെ മുമ്പിൽ പ്രണാമം ചെയ്‌വാൻ എന്നെ പ്രേരിപ്പിക്കുന്നുമുണ്ട്.

പ്രസ്തുത പ്രണാമത്തോടുകൂടി ഈ ഗ്രന്ഥനിർമ്മാണത്തിലും തൽപ്രസിദ്ധീകരണത്തിലും എന്നെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തിക്കുള്ള സകലരോടും എന്റെ കൃതജ്ഞതയെ ഒരിക്കൽകൂടി രേഖപ്പെടുത്തിക്കൊള്ളുന്നു.

കുറവിലങ്ങാട്

ഫെബ്രുവരി 2, 1950 വി.സി. ജോർജ്

വിശുദ്ധവത്സരത്തിന്റെ സ്മരണോപദമായി
കേരളത്തിലെ കത്തോലിക്ക വൈദികാധ്യക്ഷന്മാരായ
തിരുമേനിമാരുടെ പാദാരവിന്ദങ്ങളിൽ
സപ്രയം ഗ്രന്ഥകർത്താവിനാൽ
സമർപ്പിതം.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART